(സി) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്തെ കോഴിത്തീറ്റ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിലെ കൊട്ടിയം, തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് എന്നീ സ്ഥലങ്ങളിൽ കോഴിത്തീറ്റ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ തൃശ്ശൂർ ജില്ലയിൽ മാളയിൽ ഒരു പുതിയ ഫാക്ടറി സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

(ഡി) കോഴിവളർത്തലിനാവശ്യമായ ഔഷധങ്ങൾ കർഷകർക്ക് ലഭ്യമാകുന്നതിന് വേണ്ടി കെ.എസ്.പി.ഡി.സി.-യുടെ കീഴിൽ തിരുവനന്തപുരത്ത് പേട്ടയിൽ കെപ്കോ ന്യായവില മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നു. പക്ഷി-മൃഗ ചികിത്സാ രംഗത്ത് ആവശ്യമായ മരുന്നുകളും വാക്സിനുകളും 10-20 ശതമാനം ഡിസ്കൗണ്ടിൽ ഈ മെഡിക്കൽ ഷോപ്പിൽ നിന്നും ലഭിക്കുന്നതാണ്. കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകാൻ വേണ്ടി ഒരു ടെക്നിക്കൽ സർവ്വീസ് സെന്ററും കർഷകർക്ക് പരിശീലനം നൽകാൻ വേണ്ടി ഒരു ട്രെയിനിംഗ് സെന്ററും പേട്ടയിൽ പ്രവർത്തനം തുടങ്ങി.

(ഇ) കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു പാതോളജി ലാബ് ഇപ്പോൾ തന്നെ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബുൾമദർ ഫാമിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ

152(1409) ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ എൻ.പി.സി.ബി.ബി. പ്രകാരം ലഭ്യമാക്കുന്ന ബുൾമദർ ഫാമിന്റെ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്ക് ശക്തമായ ജനിതക അടിത്തറയൊരുക്കുന്നതിനായി കുളത്തുപ്പുഴയിൽ സ്ഥാപിക്കുന്ന ഹൈടെക് ഫാമിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ശുദ്ധവർഗ്ഗത്തിലെയും സങ്കരവർഗ്ഗത്തിലെയും പശുക്കളിൽ അനാമാഷ്ട്രനിലവാരമുള്ള ഭ്രൂണവും ബീജവും ഉപയോഗിച്ച് അത്യുൽപ്പാദനശേഷിയുള്ള വിത്തുകാളകളെയും പശുക്കുട്ടികളെയും ഉൽപ്പാദിപ്പിക്കുന്നതിന് ഇവിടെ എന്തൊക്കെ ക്രമീകരണങ്ങളാണുള്ളത് ;

(ഡി) ഇവിടത്തെ ഹൈടെക് ഫാമിന്റെ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരുടെയും ഏജൻസികളുടെയും സാങ്കേതികസഹായം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ എൻ.പി.സി.ബി.ബി. പ്രകാരം ലഭ്യമാക്കുന്ന മൂന്ന് ബുൾമദർ ഫാമുകൾ കുളത്തൂപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിലാണ് സ്ഥാപിക്കുന്നത്. ഇതിൽ കുളത്തൂപ്പുഴ ബുൾമദർ ഫാം പൂർത്തീകരിക്കുകയും രാജ്യത്തിന് സമർപ്പിക്കുകയും ചെയ്തു. മാട്ടുപ്പെട്ടിയിലെയും കോലാഹലമേട്ടിലെയും ബുൾമദർ ഫാമുകളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ ഫാമുകളിൽ അത്യുല്പാദനശേഷിയുള്ള ശുദ്ധവർഗ്ഗത്തിലെയും സങ്കര വർഗ്ഗത്തിലെയും പശുക്കളെ അതിനൂതന സാങ്കേതിക വിദ്യയുടെ മികവിലൂടെ പരിപാലിച്ച് ഇവയിൽ അന്താരാഷ്ട്ര നിലവാരമുള്ള ബീജവും ഭ്രൂണവും ഉപയോഗിച്ച് അത്യുല്പാദനശേഷിയുള്ള വിത്തുകാളകളെയും പശുക്കുട്ടികളെയും ഉല്പാദിപ്പിക്കുന്നു.

(ബി) പാൽ ദൗർലഭ്യതയുടെ അന്തരം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ശുദ്ധ വർഗ്ഗത്തിലെയും സങ്കര വർഗ്ഗത്തിലെയും പശുക്കളെ അതിനൂതന സാങ്കേതിക വിദ്യയുടെ മികവിലൂടെ പരിപാലിച്ച് അവയിൽ അന്താരാഷ്ട്ര നിലവാരമുള്ള ബീജവും ഭ്രൂണവും ഉപയോഗിച്ച് അത്യുല്പാദനശേഷിയുള്ള വിത്തുകാളകളെയും പശുക്കുട്ടികളെയും ഉല്പാദിപ്പിച്ച് ക്ഷീരമേഖലയ്ക്ക് ശക്തമായ ജനിതക അറിത്തറ സൃഷ്ടിക്കുക എന്നതാണ് ഹൈടെക് ഫാമിന്റെ ലക്ഷ്യം. ഭാരതത്തിലെ മൃഗസംരക്ഷണമേഖലയിലെ ഫ്ളാഗ്ഷിപ്പ് പദ്ധതിയായ National Project for Cattle and Buffalo Breeding (NPCBB) വിഭാവനം ചെയ്ത പത്ത് ബുൾമദർ ഫാമുകളിൽ ഉൾപ്പെടുന്നതാണ്. ഇവിടുത്തെ ഹൈടെക് ബുൾമദർ ഫാമുകൾ.

പൂർണ്ണമായും രോഗവിമുക്തമായ പശുക്കൾ ഉല്പാദിപ്പിക്കുന്ന പാൽ സർട്ടിഫൈഡ് ഫാം ഫ്രഷ് മിൽക്ക് ആയി നേരിട്ട് വിപണനം ചെയ്യുന്നവരാണ്. ഇതു വഴി ആദ്യമായി പാൽ ഉൽപ്പാദന വിതരണ മേഖലയിലേക്ക് പൊതു മേഖലാ സ്ഥാപനത്തിന്റെ നേരിട്ടുള്ള ഇടപെടൽ ഉറപ്പാക്കുന്നു.

ഹൈടെക് ഫാമിന് ചുറ്റും മികച്ച പശുക്കളെ പരിപാലിക്കുന്ന മികച്ച കർഷകരെ തെരഞ്ഞെടുത്ത് സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിച്ച് ഒരു ക്ഷീരനഗരം കെട്ടിപ്പടുക്കുക എന്നതാണ് ആത്യന്തികമായ ലക്ഷ്യം. ഇതിനു വേണ്ട എല്ലാ സാങ്കേതിക സഹായവും വിദഗ്ദ്ധ പരിശീലനവും നൽകുന്നതാണ്.

പൊതുമേഖലയിൽ ആദ്യമായി പശുവിൻപാൽ യാതൊരു സംസ്ക്കരണത്തിനും വിധേയമാകാതെ ശുദ്ധമായ രൂപത്തിൽ ഉപഭോക്താക്കളിൽ എത്തിക്കുന്നു. ക്ഷീരമേഖലയിലെ ഒരു കുതിച്ചുചാട്ടം യാഥാർത്ഥ്യമായിരിക്കുന്നു. കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു പശുപരിപാലന രീതിക്ക് ഹൈടെക് ഫാം സാക്ഷ്യം വഹിക്കുന്നു. കമ്പ്യൂട്ടർ സഹായത്തോടെ യന്ത്രവൽകൃതമായി പ്രവർത്തിക്കുന്ന ഫാം ക്ഷീര മേഖലയിലെ വാണിജ്യവൽക്കരണത്തിനും യുവതൊഴിലന്വേഷകർക്ക് ഒരു പ്രചോദനവും ആയിത്തീരും.

പശുവിന്റെ തീറ്റകൊടുക്കൽ,കുടുവൃത്തിയാക്കൽ തുടങ്ങിയ എല്ലാ മേഖലകളും മനുഷ്യരിൽ നിന്ന് യന്ത്രം കൈയ്യടക്കുന്ന അത്ഭുതാവഹമായ ഒരു മാറ്റമാണ് ഈ ഫാമിൽ സാധ്യമായിരിക്കുന്നത്. പശുവിന്റെ കഴുത്തിൽ ഘടിപ്പിച്ചിട്ടുള്ള ഒരു കമ്പ്യൂട്ടർ ചിപ്പ് അടങ്ങിയ യന്ത്രം (Transponder) ആ പശുവിന്റെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വിവരങ്ങളും ശേഖരിച്ചുവെച്ചിരിക്കുന്നു. ഈ പശുവിന്റെ വിവിധ പ്രവർത്തനങ്ങൾ ഈ Transponder ലൂടെയാണ് മോണിറ്റർ ചെയ്യുന്നത്. കറവയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി നൽകുന്നു. Automatic Feeding Station വഴി ഓരോ പശുവിനും ആവശ്യമായ തീറ്റ കമ്പ്യൂട്ടർ ഉത്തരവ് പ്രകാരം ലഭ്യമാകും.

പശുവിനെ കറക്കുന്നത് ഒരു പ്രത്യേക സ്ഥലത്തുവെച്ചാണ്. മിൽക്കിംഗ് പാർലർ എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്. കറവ സമയത്ത് പശുവിനെ യന്ത്രത്തിന്റെ സഹായത്തോടെ ഇവിടെ എത്തിക്കുന്നു. കറവയ്ക്കനുസൃതമായി ഓരോരോ പശുവിനെ കടത്തിവിട്ട് പശുവിനെ കറക്കുന്ന സ്ഥലം അടയ്ക്കുന്നു. ഒരു പശു എത്ര പാൽ തന്നു എന്ന വിവരം യന്ത്രം തന്നെ കമ്പ്യൂട്ടറിലാക്കി സൂക്ഷിക്കുന്നു. അകിടുവീക്കമോ മറ്റ് അസുഖങ്ങളോ ഉള്ള പശുക്കളെ കണ്ടെത്തി അവയുടെ പാൽ വേറെ കറന്നെടുത്ത് ശുചിയായ പാൽ ഉല്പാദനത്തിന് സഹായിക്കുന്നു.

നമുക്ക് അന്നം തരുന്ന പശുവിനെ ഒരുതുണ്ട് കയറിൽ നിന്ന് രക്ഷിച്ച് (പശുവിനെ കെട്ടുന്നില്ല) അതിന് അതിന്റെ ഒരു സാമ്രാജ്യം അനുവദിച്ചിരിക്കുന്നു. പശുക്കൾക്ക് സുഖവാസത്തിനായി Comfort Zone-ഉം ക്രമപ്പെടുത്തിയിരിക്കുന്നു.

പശുവിനെ 24 മണിക്കൂറും ഒരു യന്ത്രം (Activity Meter) വീക്ഷിച്ചു കൊണ്ടിരിക്കുന്നു. ഒരു പശു എത്ര പ്രാവശ്യം അയവെട്ടിയെന്ന് ഈ യന്ത്രം നമ്മോട് പറഞ്ഞുതരും. പശുവിന്റെ ദേഹം വൃത്തിയാക്കാൻ Cow Brush എന്ന ഉപകരണം ഫാമിൽ ഘടിപ്പിച്ചിരിക്കുന്നു. പശുവിനെ ബ്രഷ് ചെയ്യുവാൻ ഈ യന്ത്രം സഹായിക്കുന്നു.

മൺവെട്ടിക്കും മൺകോരിക്കും പകരം ചാണകം ഷെഡ്ഡിൽ നിന്നും മാറ്റുന്നത് Dung Scraper എന്ന യന്ത്രമാണ്. ഈ യന്ത്രത്തിന് പ്രവർത്തനാനുമതി നൽകുന്നത് ഒരു കമ്പ്യൂട്ടർ ആണെന്നാണ് യാഥാർത്ഥ്യം.

ഒരു പശുവിന്റെ കറവ കഴിഞ്ഞ് അടുത്ത പശുവിന്റെ കറവ തുടങ്ങുന്നതിന് മുമ്പ് യന്ത്രം തന്നെ സ്വയം കറവ യന്ത്രത്തെ കഴുകി വൃത്തിയാക്കുന്നു. പശുവിന് കുടിക്കാൻ ഉള്ള വെള്ളം 24 മണിക്കൂറും ലഭ്യമാക്കുന്നു.

(സി) അത്യുൽപ്പാദനശേഷിയുള്ള പശുക്കുട്ടികളും ഉൽകൃഷ്ടമായ പാലും അത്യന്താധുനിക പാൽ ഉൽപ്പാദന പ്രക്രിയയും കർഷകർക്ക് ട്രെയിനിംഗും ഭ്രൂണമാറ്റം വഴി വർദ്ധനവും ഹൈടെക്ക് ഫാം വഴി സംജാതമാകും.

ഭ്രൂണത്തിന്റെ നൂതന സാങ്കേതിക വിദ്യകൾ കർഷകന്റെ കൃഷിയിടങ്ങളിൽ എത്തിച്ച് വിദേശജനസ്സുകൾക്കൊപ്പം ഭാരത്തിന്റെ തനത് ജനസ്സുകളായ ഗീർ, കാങ്കറേജ്, സഹിവാൾ, താർപ്പാക്കർ, റാത്തി, വെച്ചൂർ തുടങ്ങിയവ ഹൈടെക് ഫാമിന്റെ പ്രവർത്തനഫലമായി സംസ്ഥാനത്ത് കർഷകർക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ഉൽപ്പാദന ക്ഷമത കൂടിയ പശുക്കളെ വളർത്തി അവയിൽ ഇറക്കുമതി ചെയ്ത ബീജം കുത്തിവെച്ച് അത്യന്താധുനിക സാങ്കേതിക മികവോടെ പരിപാലിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

പശുക്കുട്ടികളെയും കാളക്കുട്ടികളെയും ഉൽപ്പാദിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. പ്രതിദിനം 40 ലിറ്ററിലധികം ഉൽപ്പാദനശേഷിയുള്ള വിത്തുകാളകളുടെ ബീജമായിരിക്കും ഈ ഫാമിൽ ഉപയോഗിക്കുക. തൽഫലമായി ലഭ്യമാകുന്ന മേൽത്തരം വിത്തുകാളകളുടെ ബീജം സംസ്ഥാനത്ത് കർഷകർക്ക് സൗജന്യമായി നൽകാനും സംസ്ഥാനത്തിന് പുറത്തുള്ള കർഷകർക്ക് മിതമായ വിലയ്ക്ക് നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇവിടെ സ്ഥാപിക്കുന്ന ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരുടെയും എഞ്ചിനീയർമാരുടെയും സാങ്കേതികസഹായം (കൺസൽട്ടൻസി സർവ്വീസ്)ലഭ്യമാക്കിയിട്ടില്ല?

മൃഗസംരക്ഷണവകുപ്പിൽ പാർട്ട്ടൈം തസ്തികയിലേയ്ക്കുള്ള നിയമനങ്ങളിലെ ക്രമക്കേട്

153(1410) ശ്രീ. യു സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിൽ പാർട്ട്ടൈം തസ്തികയിലേക്കുള്ള നിയമനങ്ങളിൽ ക്രമക്കേട് നടന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുതപരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മൃഗസംരക്ഷണവകുപ്പിൽ നിന്നും പിരിച്ചുവിട്ടവർക്ക് കോടതി ഉത്തരവു പ്രകാരം പുനർനിയമനം നൽകുന്നതിന്റെ മറവിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുതനിയമനത്തിന് വ്യാജ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചിട്ടുള്ളതായി ആരോപണമുയർന്ന സാഹചര്യത്തിൽ വ്യാജസർട്ടിഫിക്കറ്റ് നൽകിയവരെക്കുറിച്ചും, യഥാർത്ഥത്തിൽ പിരിച്ചുവിടപ്പെട്ടവരെ സംബന്ധിച്ചും അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മൃഗസംരക്ഷണ വകുപ്പിൽ കന്നുകാലികളിൽ സ്വകാര്യ തലത്തിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നത് നിരോധിക്കപ്പെട്ടതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ഏതാനും പേർക്ക് പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി (ഹൈക്കോടതി നിർദ്ദേശപ്രകാരം 4 പേർക്കും മാനുഷിക പരിഗണന കണക്കിലെടുത്ത് 25 പേർക്കും) 2010-ൽ നിയമനാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള നിയമനത്തിന് ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ സത്യസന്ധതയും ആധികാരികതയും സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആർക്കും നിയമനം നൽകിയിട്ടില്ല. പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി നിയമനാനുമതി നൽകിക്കൊണ്ടുള്ള പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് മാറ്റിവച്ചുകൊണ്ട് ഈക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly